**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1761** **20-06-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് സിവിൽ സർവീസ് അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സിവിൽ സർവീസ് അക്കാദമിയുടെ കാഞ്ഞങ്ങാട് സെന്ററിൽ നിലവിൽ ഏതൊക്കെ ബാച്ചുകളാണ് ഉള്ളതെന്നും പ്രസ്തുത ബാച്ചുകളിൽ എത്രപേർ വീതം പരിശീലനം നേടുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സിവിൽ സർവ്വീസ് പരിശീലനത്തിന് മുന്നോടിയായി 8 മുതൽ 10 ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ടാലന്റ് ഡവലപ്മെന്റ് കോഴ്സും (TDC) പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സുമാണ് (CSFC) സിവിൽ സർവ്വീസ് അക്കാഡമി കാഞ്ഞങ്ങാട് സബ്സെന്ററിൽ നടത്തി വരുന്നത്. കഴിഞ്ഞ രണ്ട് വർഷം TDC , CSFC ബാച്ചുകളിൽ അഡ്മിഷൻ നേടിയ കുട്ടികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br><u>2022-2023- ബാച്ച്</u><br><br>TDC -63 Students<br><br>CSFC – 37 Students<br><br><u>2023- (ഏപ്രിൽ -മെയ് വെക്കേഷൻ ബാച്ച്)</u><br><br>TDC -35 Students<br><br>CSFC – 24 Students<br><br><u>2023-2024 ബാച്ച്</u><br><br>TDC -47 Students<br><br>CSFC – 37 Students<br><br>2024 -(ഏപ്രിൽ - മെയ് വെക്കേഷൻ ബാച്ച്)<br><br>TDC -30 Students<br><br>CSFC – 28 Students |
| (ബി) | കാസർഗോഡ് ജില്ലയിൽ സർക്കാർ, സ്വകാര്യ മേഖലയിൽ സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങൾ പരിമിതമായെയുള്ളൂവെന്നത് കണക്കിലെടുത്ത് ഡിഗ്രി കഴിഞ്ഞവർക്കും ഡിഗ്രി | (ബി) | പരിമിതമായ എണ്ണം കുട്ടികൾ മാത്രമേ TDC, CSFC ബാച്ചുകളിൽ നിലവിൽ പഠിക്കുന്നുള്ളൂ. പരിമിതമായ എണ്ണം കുട്ടികളെ ഉൾപ്പെടുത്തി പി.സി.എം ബാച്ചുകൾ ഓഫ് ലൈനായി തുടങ്ങുന്നത് പ്രായോഗികമല്ല |

| | | | |
|---|---|---|---|
| | വിദ്യാർഥികൾക്കും പ്രിലിമിനറി കം മെയിൻ ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | എന്നുള്ളതിനാലും സെന്ററുകളുടെ പ്രവർത്തന ചെലവും അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ഉൾപ്പെടയുള്ള ചെലവുകളും വിദ്യാർത്ഥികളിൽ നിന്ന് ഫീസിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നാണ് കണ്ടെത്തുന്നത് എന്നതും കണക്കിലെടുത്ത് പ്രിലിംസ് കം മെയിൻസ് കോഴ്സ് ഓൺലൈനായി നടത്താവുന്നതാണ്. |
| (സി) | പ്രസ്തുത സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് അക്കാഡമി കേന്ദ്രത്തിൽ നിലവിൽ ടാലന്റ് ഡവലപ്മെന്റ് കോഴ്സ് (TDC), സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് (CSFC) എന്നീ കോഴ്സുകൾ മാത്രമാണ് നടത്തുന്നത്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സൗജന്യമായി നൽകിയ സ്ഥലത്ത് ക്ലാസ്സുകൾ നടത്തുന്നതിന് നിലവിൽ മതിയായ സൗകര്യം ഉണ്ട്. കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവുകയാണെങ്കിൽ പുതിയ കെട്ടിടം പണിയുന്നതിന് ഭൂമി ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ